# പതിനാലാം കേരള നിയമസഭ
# (ഒന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2269    18/07/2016-ൽ മറുപടിയ്ക്ക്**

## മാർക്കറ്റുകളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ : | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മാർക്കറ്റുകൾ നവീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് മത്സ്യബന്ധന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തുടനീളം ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |
| ബി) നവീകരണത്തിന് മാർക്കറ്റുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ; | ബി) നിലവിലെ മത്സ്യമാർക്കറ്റുകളുടെ ശോചനീയാവസ്ഥ, കെട്ടിടമില്ലാത്ത അവസ്ഥ, മറ്റു അനുബന്ധ കാരണങ്ങൾ കാണിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നോ ജന പ്രതിനിധികളിൽ നിന്നോ ലഭിക്കുന്ന നിവേദനം പരിഗണിച്ച് പ്രസ്തുത സ്ഥലം സന്ദർശിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനും ഫണ്ടിനുമായി ദേശീയ മത്സ്യ വികസന ബോർഡിൽ സമർപ്പിക്കുകയാണ് ചെയ്യുന്നത്. |
| സി) ആറ്റിങ്ങൽ മണ്ഡലത്തിലെ മാർക്കറ്റുകളിലെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ഉണ്ട്. ആറ്റിങ്ങൽ മണ്ഡലത്തിലെ ആറ്റിങ്ങൽ മത്സ്യമാർക്കറ്റിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി 248.52 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി ദേശീയ മത്സ്യ വികസന ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. |
| ഡി) ഇവയുടെ നവീകരണത്തിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) എൻ.എഫ്.ഡി.ബി. വഴിയുള്ള ധനസഹായം 90%-ൽ നിന്നും 40% മായി കുറച്ച സാഹചര്യത്തിൽ 2015-16 സാമ്പത്തിക വർഷം പുതിയ മത്സ്യമാർക്കറ്റ് നവീകരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിയിരുന്നില്ല. ദേശീയ മത്സ്യവികസന ബോർഡിൽ നിന്നും അനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് ആറ്റിങ്ങൽ മത്സ്യ മാർക്കറ്റിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടികൾ മുൻഗണനാ ക്രമത്തിൽ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**